(സി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയോര വികസന ഏജൻസിയുടെ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ സെക്രട്ടറി, കൃഷി ഓഫീസർ, ഫിനാൻസ് മാനേജർ, സ്റ്റാഫ്സ്റ്റാൻ എന്നിവർ വിവിധ വകുപ്പുകളിൽ നിന്ന് അന്യത്ര സേവനത്തിനായും ബാക്കി ക്ലറിക്കൽ ജോലികൾക്കുമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ 3 പേരെയും നിയോഗിച്ചിട്ടുണ്ട്. നിലവിലെ എല്ലാ പദ്ധതികളും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ മുഖേനയും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് മുഖേന പ്രോജക്ട് ഡയറക്ടർമാരുമാണ് നടപ്പിലാക്കുന്നത്.

ഇന്ദിര ആവാസ് യോജന

17(1488) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി ഇതേ പേരിൽ നിലവിലുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പേര് മാറ്റിയിട്ടുണ്ടെങ്കിൽ ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ ഇപ്പോൾ നിലവിലുള്ള പദ്ധതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നിർമ്മാണം തുടങ്ങിയ വീടുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തിയാക്കാനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുമോ?

ഉത്തരം

(എ) നിലവിലുണ്ട്. ഗ്രാമീണ മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിര ആവാസ് യോജന. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000 രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചുവരുന്നു. എന്നാൽ കേരളത്തിൽ എ.പി.എൽ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ദിര ആവാസ് യോജനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് കാരണം ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. നിർമ്മാണ പുരോഗതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് ധന അനുവദിക്കുന്നുണ്ട്.

ഇന്ദിര ആവാസ് യോജന

18 (1489) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ദിര ആവാസ് യോജന പ്രകാരം 2011 മുതൽ 2015 വരെ കരുനാഗപ്പള്ളി മണ്ഡലത്തിൽ അനുവദിച്ചതും നിർമ്മാണം പൂർത്തിയായതുമായ വീടുകൾ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

കരുനാഗപ്പള്ളി മണ്ഡലത്തിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന ആറ് ഗ്രാമപഞ്ചായത്തുകളിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ളതും നിർമ്മാണം പൂർത്തിയായതുമായ വീടുകളുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	എഗ്രിമെന്റ് വെച്ച വീടുകൾ	നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയവ	നിർമ്മാണം പുരോഗമിക്കുന്നവ
2011-12	535	535	...
2012-13	400	378	22
2013-14	246	229	17
2014-15	284	248	26
2015-16	261	...	261
ആകെ	1726	1390	326

കരുനാഗപ്പള്ളി നിയമസഭാ മണ്ഡലത്തിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രദേശം ഒഴികെയുള്ള പ്രദേശങ്ങൾ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്നതാകയാൽ ഇന്ദിര ആവാസ് യോജന പദ്ധതിയുടെ പ്രയോജനം ടി മുനിസിപ്പൽ പ്രദേശത്ത് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly